**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2399** **21-01-2021 - ൽ മറുപടിയ്ക്ക്**

**കാരുണ്യ ചികിത്സാനുകൂല്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി പി. അയിഷാ പോറ്റി | | Smt. K. K .Shailaja Teacher<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
| (എ) | വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് ശേഷം തുടർചികിത്സയ്ക്ക് ആവശ്യമായ മരുന്നുകൾ കാരുണ്യ ബനവലന്റ് ഫണ്ട് വഴി ലഭിച്ചുവന്ന രോഗികൾക്ക് പ്രസ്തുത ആനുകൂല്യം സാങ്കേതിക കാരണങ്ങളാൽ കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി (കാസ്പ്) പ്രകാരം ലഭിക്കുന്നില്ല എന്ന സാഹചര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | കാസ്പ് പദ്ധതി പ്രകാരം വൃക്ക മാറ്റി വയ്ക്കൽ ശസ്ത്രക്രിയക്ക് ശേഷമുള്ള മരുന്നുകൾ നിലവിൽ ലഭ്യമല്ല. ആയത് ശ്രദ്ധയിൽപെട്ടിട്ടുണ്ട്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ചികിത്സ ലഭ്യമാക്കുന്നത് നാഷണൽ ഹെൽത്ത് അതോറിറ്റിയുടെ ഹെൽത്ത് ബെനിഫിറ്റ് പാക്കേജ് അനുസരിച്ചാണ്. ആയതിൽ വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് ശേഷമായുള്ള മരുന്നുകളും മറ്റു ചികിത്സകളും ഉൾപ്പെടുത്താനുള്ള നിർദ്ദേശം നാഷണൽ ഹെൽത്ത് അതോറിറ്റിക്ക് നൽകിയിട്ടുണ്ട്. 2020 സെപ്റ്റംബർ 1 മുതൽ കാരുണ്യ ബെനവലന്റ് ഫണ്ട് ചികിത്സ നടപടികൾ മുഴുവനായും നാഷണൽ ഹെൽത്ത് അതോറിറ്റിയുടെ ഹെൽത്ത് ബെനഫിറ്റ് പാക്കേജ് പ്രകാരവും ഡിജിറ്റൽ പ്ലാറ്റ്ഫോമിലൂടെയും ആണ്. നാഷണൽ ഹെൽത്ത് അതോറിറ്റിയുടെ ഹെൽത്ത് ബെനഫിറ്റ് പാക്കേജിലും ഐ ടി സിസ്റ്റത്തിലും മേൽ സൂചിപ്പിച്ച ചികിത്സ നടപടികൾ ഉൾപ്പെടുത്താൻ സാങ്കേതിക മായി ഏതാനും ദിവസങ്ങൾ നിർബ ന്ധമാണ്. ആയത് പിന്തുടരാനും സാധാ രണക്കാരായ ജനങ്ങൾക്ക് സൗജന്യ ചികിത്സ ഉറപ്പുവരുത്താനും സ്റ്റേറ്റ് ഹെൽ ത്ത് ഏജൻസിക്കു നിർദ്ദേശം നൽകു ന്നതാണ്. |
| (ബി) | അത്തരം സാങ്കേതികപ്രശ്നം പരിഹരിച്ച് പ്രസ്തുത ആനുകൂല്യം അത്തരം രോഗികൾക്ക് ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ ? | (ബി) | നടപടികൾ സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ